പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 784 | 11.03.2015- ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ കുറവ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. ഉമ്മർ<br>" പി.കെ. ബഷീർ<br>" കെ.എം. ഷാജി<br>" സി.മോയിൻ കുട്ടി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ കുറവ് സുരക്ഷാ പരിശോധനകളെ സാരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി സൃഷ്ടിക്കപ്പെട്ട 57 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകൾ ഉൾപ്പെടെ 80 ഒഴിവുകൾ പി.എസ്.സി.ക്ക് ഇതിനകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) | സംസ്ഥാനത്തൊട്ടാകെ ഇപ്പോൾ എത്ര ഭക്ഷ്യസുരക്ഷാ ഓഫീസർമാർ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | ബി) | സംസ്ഥാനത്തൊട്ടാകെ 71 ഭക്ഷ്യസുരക്ഷാഓഫീസർമാർ പ്രവർത്തിച്ചുവരുന്നു. |
| സി) | പരിശോധനാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന ഭക്ഷ്യ സാമ്പിളുകൾ പരിശോധിക്കാൻ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തിന്റെ വിശദവിവരം നൽകാമോ; | സി) | പരിശോധനാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന ഭക്ഷ്യസാമ്പിളുകൾ പരിശോധിക്കാൻ നിലവിൽ കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫുഡ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നു ണ്ട്. ഇതു കൂടാതെ, പത്തനംതിട്ടയിൽ ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നു. പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനികളുടെ സാന്നിധ്യം കണ്ടെത്തുന്നതിനായി കാർഷികസർവകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിന്റെ സേവനവും മത്സ്യ സാമ്പിളുകൾ പരിശോധിക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള കൊച്ചിയിലെ Centre Institute of Fisheries Technology (CIFT) ലാബിന്റെ സേവനവും, ഉപയോഗപ്പെടുത്തിവരുന്നു. കൂടാതെ ഫുഡ് സേഫ്റ്റി ആൻറ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ അംഗീകരിച്ചിട്ടുള്ള ഏതാനും സ്വകാര്യ ലാബുകളുടെ സേവനവും ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ